(സി) അപ്രതീക്ഷിതമായി ഉണ്ടാകുന്ന കടൽകയറ്റത്തിന് ഉടനടി പ്രതിവിധി കാണേണ്ടതുകൊണ്ട് പ്രധാനമന്ത്രിയുടെ ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ടിൽ നിന്ന് കടൽഭിത്തി കെട്ടുവാനുള്ള സാമ്പത്തിക സഹായം നേടാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*:

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) നാഷണൽ കലാമിറ്റി റിലീഫ് ഫണ്ടിൽ നിന്ന് കടൽഭിത്തി നിർമ്മാണത്തിന് സാമ്പത്തിക സഹായം ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്.

ധനകമ്മിയും റവന്യൂകമ്മിയും കുറയ്ക്കുന്നതിന് നടപടി

*11 [38] *ശ്രീ. കെ. പി. സതീശ് ചന്ദ്രൻ*:

,, *പി. ജയരാജൻ*:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന ധനകമ്മിയും റവന്യൂകമ്മിയും കുറച്ചുകൊണ്ടുവരുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്രവുമായി ഒപ്പുവച്ച ഇടക്കാല സാമ്പത്തിക പരിഷ്ക്കരണ നടപടി അനുസരിച്ച് എന്തെല്ലാം കാര്യങ്ങളാണ് ഇതിനകം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത്;

(സി) നികുതി പരിഷ്കാരങ്ങൾ നടത്തിയും നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും, ടാക്സ് ജി. എസ്. ഡി. പി. അനുപാതവും, നോൺ ടാക്സ് ജി. എസ്. ഡി. പി. അനുപാതവും മെച്ചപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സേവനങ്ങളുടെ ഉപഭോഗ ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് ഇതുവരെ ഇറക്കിയ സർക്കാർ ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*:

(എ) അനുബന്ധം II-ൽ കൊടുത്തിരിക്കുന്നു. †

(ബി) അനുബന്ധം II-ൽ കൊടുത്തിരിക്കുന്നു. †

(സി) ഉണ്ട്.

† അനുബന്ധം II & II (എ)

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ❖ 1-4-2005 മുതൽ മൂല്യവർദ്ധിത നികുതി നടപ്പിലാക്കി.

❖ ഗവ. സേവനങ്ങളുടെ ഉപഭോഗ ചാർജ്ജ് വർദ്ധിപ്പിക്കുകയും പുതിയ മേഖലകളിൽ ഇതു വ്യാപരിപ്പിച്ചുകൊണ്ട് ചിലവ് മെച്ചപ്പെട്ട രീതിയിൽ വസൂലാക്കുന്നതിന് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നടപടി തുടർന്നുകൊണ്ടിരിക്കുന്നു.

❖ വകുപ്പുതലത്തിലുള്ള ഉപഭോഗ ചാർജ് കാലാകാലങ്ങളിൽ ഉയർന്ന തോതിൽ വർദ്ധിപ്പിക്കുന്നതിനും നടപടി എടുത്തു കഴിഞ്ഞു.

❖ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി മുമ്പ് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് 31-12-2001 മുതൽ നടപ്പിലാക്കുന്നത് ആരംഭിച്ചിട്ടുണ്ട്.

(ഇ) ധനകാര്യ വകുപ്പിൽ നോൺ ടാക്സ് റവന്യൂ സെല്ലിൽ നിന്ന് വിവിധ വകുപ്പുകളിലെ നികുതിയേതര വരുമാനം വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ഇതോടൊപ്പം അടക്കം ചെയ്തിരിക്കുന്നു.

ഭൂഗർഭജലത്തിന്റെ അളവ് വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച മാർഗ്ഗങ്ങൾ

*12 [39] *ശ്രീ. ലൂഡി ലൂയിസ്:*
,, *എം. എം. ഹസ്സൻ:*
,, *കെ. എ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂഗർഭജലത്തിന്റെ ഉപയോഗത്തിൽ വൻ വർദ്ധനവുണ്ടായിട്ടുണ്ടോ;

(ബി) 2002-2003-നെ അപേക്ഷിച്ച് 2003-2004-ൽ ഭൂഗർഭജലത്തിന്റെ ഉപയോഗത്തിൽ വന്നിട്ടുള്ള വർദ്ധനവെത്രയാണ്;

(സി) ഭൂഗർഭജലത്തിന്റെ അളവ് സംസ്ഥാനത്ത് കുറഞ്ഞുവരുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം;

(ഇ) സംസ്ഥാനത്തെ ഭൂഗർഭജലത്തിന്റെ അളവ് വർദ്ധിപ്പിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കാമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):*

(എ) ഉണ്ട്.

(ബി) ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റി 1999-ൽ ആണ് ഭൂഗർഭജലത്തിന്റെ ഉപയോഗത്തെ സംബന്ധിച്ച് അവസാനമായി എസ്റ്റിമേഷൻ നടത്തിയത്. ഓരോ വർഷത്തെയും വർദ്ധനവ് വിലയിരുത്തിയിട്ടില്ല. 2004 കാലയളവിലെ ഭൂജല

LIBRARY ARCHIVES Kerala Legislative Assembly

19. മത്സ്യത്തൊഴിലാളി വനിതകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി 'സാഫ്' എന്ന സൊസൈറ്റി രജിസ്റ്റർ ചെയ്തു.

ഇതുകൂടാതെ മത്സ്യത്തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകൽ, 20 മീറ്ററിൽ താഴെയുള്ള ബോട്ടുകൾക്ക് ഡീസൽ സബ്സിഡി, രക്ഷാപ്രവർത്തനം സുഗമമാക്കുന്നതിന് ജി.പി.എസ്., വയർലെസ് സെറ്റ് തുടങ്ങിയ ഉപകരണങ്ങൾ നൽകൽ എന്നീ പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

അനുബന്ധം II

[6-7-2005-ലെ നക്ഷത്രചിഹ്നമിട്ട *11(38)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക.]

* റവന്യൂകമ്മി ക്രമാനുഗതമായി ഇല്ലാതാക്കിക്കൊണ്ടും സാമ്പത്തിക സുസ്ഥിരതയ്ക്ക് അനുരൂപമായവിധം കടത്തിന്റെ സ്ഥായിയായ മാനേജ്മെന്റിലൂടെയും സർക്കാരിന്റെ ധനസംബന്ധമായ ഇടപാടുകളിലെ വർദ്ധിച്ച സുതാര്യതയിലൂടെയും ഒരു മിതകാല പദ്ധതിയിലൂടെ സാമ്പത്തിക നയം നടപ്പാക്കിക്കൊണ്ടും ദീർഘ വീക്ഷണത്തോടുകൂടിയ ധനമാനേജ്മെന്റും സാമ്പത്തിക സുസ്ഥിരതയും ഉറപ്പു വരുത്തുന്നതിനുള്ള സർക്കാരിന്റെ ഉത്തരവാദിത്വവും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ധനസംബന്ധമായ ഉത്തരവാദിത്വ ആക്ട് 2003 പുറപ്പെടുവിച്ചു.

* സർക്കാർ വകുപ്പുകൾ, പൊതുമേഖലാസ്ഥാപനങ്ങൾ, തദ്ദേശ അധികാര സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി ബോർഡുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയ്ക്കുവേണ്ടി കൊടുത്തിട്ടുള്ള ഗവൺമെന്റു ഗ്യാരണ്ടികളുടെ പരമാവധി പരിധിക്കും സംസ്ഥാനത്തിന്റെ സാമ്പത്തിക അച്ചടക്കം മെച്ചപ്പെടുത്തുന്നതിനും വേണ്ടി കേരള ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരമാവധി ആക്ട് 2003 നടപ്പിലാക്കിയിട്ടുണ്ട്.

* കഴിഞ്ഞ പദ്ധതി കാലങ്ങളിൽ പദ്ധതി നിർവ്വഹണത്തിനായി അനുവദിച്ച തസ്തികകൾ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രം തുടരുന്നതിനും അല്ലാത്തവ ഉചിത മേഖലകളിലേക്ക് പുനർ വിന്യാസം ചെയ്യുകയോ ഒഴിവാക്കുകയോ ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

* പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉചിതമായ പുനഃസംഘടനയിലൂടെ സംസ്ഥാന ബഡ്ജറ്റിൽ അധിക ബാദ്ധ്യത വരാതിരിക്കുവാനും

LIBRARY ARCHIVES Kerala Legislative Assembly

അവയിൽ നിന്നും അധിക വരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

* സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് നഷ്ടം ഒഴിവാക്കി പ്രവർത്തിക്കുന്നതിനും സംസ്ഥാന ബഡ്ജറ്റിന് യാതൊരു അധിക ബാദ്ധ്യതയും ഉണ്ടാകാതിരിക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

* ടാക്സ്-ജി.എസ്.ഡി.പി. അനുപാതവും, നോൺ ടാക്സ് - ജി.എസ്.ഡി.പി. അനുപാതവും മെച്ചപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

* കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുവാനുള്ള വിഹിതവും സഹായവും കൃത്യമായി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

* ഡബ്റ്റ് സ്വാപ്പ് സ്കീം പ്രകാരം ഉയർന്ന പലിശ നിരക്കിൽ എടുത്ത വായ്പകൾ കുറഞ്ഞ നിരക്കിൽ പലിശയുള്ള വായ്പകളായി മാറ്റിക്കൊണ്ടിരിക്കുന്നു.

അനുബന്ധം II (എ)

[6-7-2005-ലെ നക്ഷത്രചിഹ്നമിട്ട *11(38)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക.]

1. *നികുതി പരിഷ്ക്കരണങ്ങൾ :*

   * പൊതുധാരണ അനുസരിച്ച് മൂല്യ വർദ്ധിത നികുതി 1-4-2005 മുതൽ നടപ്പിലാക്കി.

2. *സേവന നികുതി :*

   * സേവന നികുതിയുടെ രൂപരേഖ 31-3-2003-ൽ അന്തിമമായി തയ്യാറാക്കി എങ്കിലും കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ല.

3. *നികുതിയേതര വരുമാനം :*

   * ഗവൺമെന്റ് സേവനങ്ങളുടെ ഉപഭോഗ ചാർജ്ജ് വർദ്ധിപ്പിക്കുകയും പുതിയ മേഖലകളിൽ ഇത് വ്യാപരിപ്പിച്ചുകൊണ്ട് ചെലവ് മെച്ചപ്പെട്ട രീതിയിൽ വസൂലാക്കുന്നതിന് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നടപടി തുടർന്നുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

* വകുപ്പുതലത്തിലുള്ള ഉപഭോഗ ചാർജ്ജ് കാലാകാലങ്ങളിൽ ഉയർന്ന തോതിൽ വർദ്ധിപ്പിക്കുന്നതിന് നടപടി എടുത്തു കഴിഞ്ഞു.

* നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി മുൻപ് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് 31-12-2001 മുതൽ നടപ്പിലാക്കുന്നതിന് ആരംഭിച്ചിട്ടുണ്ട്.

4. *ചെലവ് ചുരുക്കൽ പരിഷ്ക്കരണങ്ങൾ :*

* പുതിയ തസ്തിക സൃഷ്ടിക്കുന്നതിനുമേൽ വിലക്ക് ഏർപ്പെടുത്തിയത് തുടർന്നു കൊണ്ടിരിക്കുന്നു.

* പദ്ധതി കാലഘട്ടത്തിനുശേഷവും തുടരുന്നതിനായി സൃഷ്ടിച്ച പുനർവിന്യാസം ചെയ്യാൻ കഴിയാത്ത തസ്തികകൾ നിർത്തലാക്കുന്നതു സംബന്ധിച്ച നടപടിയെടുത്തുകഴിഞ്ഞു.

* ശമ്പളേതര പ്രവർത്തനങ്ങൾക്കും അറ്റകുറ്റചെലവുകൾക്കും പുതിയ മൂലധന പ്രവർത്തനങ്ങൾക്കും തുടർന്നുവന്ന ബഡ്ജറ്റിൽ മതിയായ തുക ഉൾക്കൊള്ളിക്കുകയുണ്ടായി.

5. *ഊർജ്ജമേഖലാ പരിഷ്ക്കാരങ്ങൾ :*

* സംസ്ഥാന സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന് 14-11-2002-ൽ രൂപം നൽകി.

* പ്രസരണ-വിതരണ നഷ്ടം 2002-ലെ 32% എന്നത് 2003-ൽ 30% ആയും 2004-ൽ 27% ആയും കുറയ്ക്കാൻ കഴിഞ്ഞു.

* 100% മീറ്ററിംഗ് ഏർപ്പെടുത്തി.

* ഊർജ്ജ ആഡിറ്റിനുള്ള നടപടികൾ എടുത്തു കഴിഞ്ഞു.

* കെ.എസ്.ഇ.ബി.-യെ ഉല്പാദനം, പ്രസരണം, വിതരണം എന്നിവ കണക്കിലെടുത്ത് പ്രവർത്തനപരമായി വേർതിരിച്ചു. എന്നാൽ സ്ഥാപനപരമായി വേർതിരിക്കാൻ കഴിഞ്ഞിട്ടില്ല.

* വിതരണത്തിൽ സഹകാരി മേഖലകളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിലേക്കായി നടപടികൾക്ക് രൂപം നൽകിക്കൊണ്ടിരിക്കുകയാണ്.

* കെ.എസ്.ഇ.ബി.-ക്ക് ബഡ്ജറ്റിലൂടെയോ നെറ്റ് ഇലക്ട്രിസിറ്റി ഡ്യൂട്ടി മാറ്റിവയ്ക്കുന്നതിലൂടെയോ സംസ്ഥാന കടം തട്ടിക്കഴിച്ചുകൊണ്ടോ

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്ന പവർ സബ്സിഡി ഇല്ലാതാക്കുന്നത് ഈ വർഷത്തോടെ പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

6. *പൊതുമേഖലകളുടെ പുനഃസംഘടന :*

* പൊതുമേഖലകളുടെ പുനഃസംഘടനയ്ക്കായി ഒരു സമ്പൂർണ്ണ ആക്ഷൻ പ്ലാൻ 31-3-2002-ഓടെ തയ്യാറാക്കുകയും നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടികളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു.

* മേൽപ്പറഞ്ഞ ആക്ഷൻ പ്ലാനിൽ സ്വയം പിരിഞ്ഞുപോകൽ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.

* സ്വകാര്യ നിക്ഷേപം പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ധനസമാഹരണവും സാങ്കേതിക വിദ്യയും പ്രൊഫഷണലിസവും കൈവരിക്കുന്നതിന് പുറമെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സംയോജനം, അടച്ചുപൂട്ടൽ, ഭാഗികമായോ പൂർണ്ണമായോ നിക്ഷേപം വിറ്റഴിക്കൽ എന്നിവയും പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

7. *ധനസുതാര്യതയും ബഡ്ജറ്റ് പരിഷ്ക്കരണവും :*

* ശമ്പളത്തിലും ആനുകൂല്യത്തിലുമുള്ള മൊത്തമായ ചെലവ് കാണിക്കത്തക്ക രീതിയിൽ ഒരു പ്രത്യേക ഷെഡ്യൂൾ വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തി.

* വാർഷിക അടിസ്ഥാനത്തിലും പദ്ധതി അടിസ്ഥാനത്തിലും നില നിൽക്കുന്ന ഗ്യാരന്റി കാണിക്കുന്ന ഒരു പ്രത്യേക ഷെഡ്യൂൾ വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയുണ്ടായി.

* സാമ്പത്തിക സുതാര്യത വെളിപ്പെടുത്തുംവിധം അടിസ്ഥാനപരമായ ഘടകങ്ങൾ കാണിച്ചുകൊണ്ട് ഒരു പ്രത്യേക അനുബന്ധം ബഡ്ജറ്റിൽ ചേർക്കുകയുണ്ടായി.

* ഇൻഫർമേഷൻ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ടും സാമ്പത്തിക ചട്ടങ്ങൾ നേർധാരയിൽ (Streamline) ആക്കിക്കൊണ്ടും സാമ്പത്തിക നിർവ്വഹണം നവീകരിക്കുന്ന ഒരു സംവിധാനം നടപ്പാക്കിക്കഴിഞ്ഞു.

8. *ഗ്യാരന്റികൾ :*

* ഗ്യാരന്റികളുടെ വീഴ്ചമൂലം നഷ്ടം ഉണ്ടാകുന്നപക്ഷം അതു പങ്കിടാൻ നടപടികൾ എടുത്തുവരുന്നു.

GPM. 2/359/2012.—37

LIBRARY ARCHIVES Kerala Legislative Assembly

* സംസ്ഥാനം നൽകിയിട്ടുള്ള ഗ്യാരന്റികൾ ജി.എസ്.ഡി.പി.-യുടെ 13.6% ആയി നിലനിർത്തിയിട്ടുണ്ട്.

* ഗ്യാരന്റികളുടെ പരമാവധി പരിധി 14000 കോടി രൂപയാക്കി നിശ്ചയിച്ചു കൊണ്ട്, സംസ്ഥാന ഗവൺമെന്റ് ഗ്യാരന്റികളുടെ പരമാവധി പരിധി ആക്ട് നടപ്പിൽ വരുത്തി.

* ഗ്യാരന്റി റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കാൻ നടപടികളെടുത്തു.

അനുബന്ധം III

[6-7-2005-ലെ നക്ഷത്രചിഹ്നമിട്ട *18 (46)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക.]

1. ജല അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികൾ

(i) കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തോടെയുള്ള 84 ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ

(ii) 9 ത്വരിത നഗര ശുദ്ധജല വിതരണ പദ്ധതികൾ (50% കേന്ദ്ര സർക്കാർ സഹായം)

(iii) 90% കേന്ദ്രസഹായത്തോടെയും, 10% ഉപഭോക്തൃ വിഹിതത്തോടെയും നടപ്പാക്കുന്ന 64 ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾ

(iv) എൻ.സി./പി.സി. വാർഡുകളിലേക്കുള്ള ശുദ്ധജലമെത്തിക്കുന്നതിന് വേണ്ടിയുള്ള 432 പദ്ധതികൾ

(v) പ്രധാനമന്ത്രിയുടെ ഗ്രാമോദയ പദ്ധതിയുടെ കീഴിൽ 59 പദ്ധതികൾ

(vi) 90% കേന്ദ്രസഹായത്തോടെയും, 10% ഉപഭോക്തൃ വിഹിതത്തോടെയും നടപ്പാക്കി വരുന്ന വർഷ പദ്ധതിയുടെ 10 മഴവെള്ള ശേഖരണ യൂണിറ്റുകൾ.

(vii) ഗ്രാമങ്ങളിലും നഗരങ്ങളിലും ശുദ്ധജലം എത്തിക്കുന്നതിന് എൽ.ഐ.സി./ ഹഡ്കോയുടെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന 115 പദ്ധതികൾ.

(viii) ടെക്നോളജി മിഷന്റെ കീഴിൽ നടപ്പിലാക്കി വരുന്ന 10 പദ്ധതികൾ

(ix) 90% കേന്ദ്രസഹായത്തോടെയും, 10% ഉപഭോക്തൃ വിഹിതത്തോടെയും നടപ്പിലാക്കി വരുന്ന 200 സ്വജൽധാരാ പദ്ധതികൾ.

LIBRARY ARCHIVES Kerala Legislative Assembly